എ.വൈ.ആർ


സൂറ-13

# അർറഅ്ദ്

لَـهُۥ مُعَقِّبَـٰتٞ مِّنۢ بَيۡنِ يَدَيۡهِ وَمِنۡ خَلۡفِهِۦ يَحۡفَظُونَهُۥ مِنۡ أَمۡرِ ٱللَّهِۗ إِنَّ
ٱللَّـهَ لَا يُغَـيِّرُ مَا بِقَوۡمٍ حَتَّىٰ يُغَيِّرُواْ مَا بِأَنفُسِهِمۡۗ وَإِذَآ أَرَادَ ٱللَّهُ بِقَوۡمٖ
سُوٓءٗا فَلَا مَرَدَّ لَهُۥۚ وَمَا لَهُم مِّن دُونِهِۦ مِن وَالٍ ﴿١١﴾

11 ഓരോ മനുഷ്യനെയും മുന്നിൽനിന്നും പിന്നിൽനിന്നും നിരീക്ഷിക്കാൻ ദൈവാജ്ഞപ്രകാരം നിയുക്തരായ കാവൽക്കാർ പിന്തുടരുന്നുണ്ട്. ഒരുജനം അവരുടെ അവസ്ഥ സ്വയം പരിവർത്തിപ്പിക്കുന്നതുവരെ അല്ലാഹു അവരുടെ അവസ്ഥ പരിവർത്തിപ്പിക്കുന്നില്ല. അല്ലാഹു ഒരു ജനത്തിനു നാശം വിധിച്ചാൽ പിന്നെ അതു തടയപ്പെടുക അസാധ്യവുമാകുന്നു. അവരെ രക്ഷിക്കാനാരുമില്ല.

لَـهُۥ= അവന്ന്(ഓരോ മനുഷ്യനും) مُعَقِّبَـٰتٞ= പിന്തുടരുന്നവർ(തുടരുന്നവ)ഉണ്ട് مِّنۢ بَيۡنِ يَدَيۡهِ= അവന്റെ മുന്നിൽനിന്ന്

وَمِنۡ خَلۡفِهِۦ= അവന്റെ പിന്നിൽനിന്നും يَحۡفَظُونَهُۥ= അവർ അവനെ വീക്ഷിക്കുന്നു, സംരക്ഷിക്കുന്നു(നിരീക്ഷിക്കാൻ)

مِنۡ أَمۡرِ ٱللَّهِۗ= അല്ലാഹുവിന്റെ ആജ്ഞയിൽനിന്ന്(ആജ്ഞയാൽ) إِنَّ ٱللَّـهَ لَا يُغَـيِّرُ= തീർച്ചയായും അല്ലാഹു പരിവർത്തിപ്പിക്കുകയില്ല

مَا بِقَوۡمٍ= ഒരു സമൂഹത്തെക്കൊണ്ടുള്ള യാതൊന്ന്(സമൂഹത്തിന്റെ അവസ്ഥ)

حَتَّىٰ يُغَيِّرُواْ= അവർ(സ്വയം) പരിവർത്തിപ്പിക്കുന്നതുവരെ مَا بِأَنفُسِهِمۡۗ= തങ്ങളെക്കൊണ്ടുള്ള യാതൊന്ന്(അവരുടെ അവസ്ഥ)

وَإِذَآ أَرَادَ ٱللَّهُ= അല്ലാഹു ഉദ്ദേശി(വിധി)ച്ചാൽ بِقَوۡمٖ= ഒരു സമൂഹത്തിന് سُوٓءٗا= തിന്മ(നാശം)

فَلَا مَرَدَّ لَهُۥ= അതിനു തള്ളപ്പെടൽ ഇല്ല(പിന്നെ അതു തടയുക അസാധ്യമാകുന്നു) وَمَا لَهُم= അവർക്ക് ഇല്ല

مِّن دُونِهِۦ= അവനെ കൂടാതെ(അവനിൽ നിന്നു) مِن وَالٍ= രക്ഷകനിൽനിന്ന്(രക്ഷിക്കാൻ ആരും)

**11:** معقّب ന്റെ സ്ത്രീലിംഗ ബഹുവചനമാണ് مُعَقِّبَـٰتٞ. പിൻവശം, അന്ത്യം എന്നർഥമുള്ള عقب ൽ ഉത്ഭവിച്ച ക്രിയയായ عَقَّبَയിൽനിന്നുള്ള കർതൃപദമാണ് معقّب. പിന്തുടർന്നു എന്നാണ് عَقَّبَയുടെ അർഥം. ഒരോ മനുഷ്യനോടൊപ്പവും അവന്റെ സകല ചലനങ്ങളും നിരീക്ഷിച്ച് രേഖപ്പെടുത്തുന്ന മലക്കുകൾ നിയോഗിക്കപ്പെട്ടിരിക്കുന്നുവെന്ന് 50:17,18ൽ പറയുന്നുണ്ട്. عَنِ ٱلۡيَمِينِ وَعَنِ ٱلشِّمَالِ قَعِيدٞ ﴿١٧﴾ مَّا يَلۡفِظُ مِن قَوۡلٍ إِلَّا لَدَيۡهِ رَقِيبٌ عَتِيدٞ ﴿١٨﴾ (ഇടത്തും വലത്തും അവന് കൂട്ടിരിപ്പുണ്ട്. അവൻ ഒരുവാക്കു പോലും ഉരിയാടുന്നില്ല, അവന്റെയടുത്ത് അത് നിരീക്ഷിച്ചു തിട്ടപ്പെടുത്തുന്ന മലക്കുകളില്ലാതെ). ഇപ്പറഞ്ഞ മലക്കുകളെയാണ് معقبات കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് മുൻസൂക്തത്തിൽ മനുഷ്യന്റെ രഹസ്യവും പരസ്യവും ഒളിവും തെളിവുമെല്ലാം അല്ലാഹു ഒരുപോലെ അറിയുന്നുവെന്ന് പ്രസ്താവിച്ചതിന്റെ അനുബന്ധമാണിത്. അതായത്, നിങ്ങളുടെ അകവും പുറവും നേരിട്ടു കണ്ടുകൊണ്ടിരിക്കുന്നതോടൊപ്പം അതെല്ലാം നിരീക്ഷിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാൻ പ്രത്യേക മലക്കുകളെ നിയോഗിച്ചിട്ടുമുണ്ട്. മനുഷ്യ ജീവിതം ഇത്രയേറെ ശ്രദ്ധിക്കുകയും വിശദമായി രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്ന അല്ലാഹു അതൊക്കെ ചെയ്യുന്നത് യാതൊരു ലക്ഷ്യവുമില്ലാതെയാണെന്ന് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുന്നുണ്ടോ? ഓരോ വ്യക്തിയുടെയും നന്മ തിന്മകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ട് അതിന് യാതൊരനന്തര നടപടികളുമില്ലാതെ നല്ലവരെയും തിയ്യവരെയും ഒരുപോലെ ഈ ലോകത്തുനിന്ന് മായ്ച്ചുകളയുമെന്നോ? യുക്തിയുടെയും ജ്ഞാനത്തിന്റെയും ഉറവിടമായ അല്ലാഹുവിൽനിന്ന് പോയിട്ട്, സാമാന്യ ബുദ്ധിയുള്ള മനുഷ്യരിൽനിന്ന്പോലും പ്രതീക്ഷിച്ചു കൂടാത്തതാണാ നടപടി. മനുഷ്യജീവിതം കണിശമായി വിചാരണ ചെയ്യപ്പെടാൻ വേണ്ട എല്ലാ സജ്ജീകരണങ്ങളും സ്രഷ്ടാവ് ചെയ്തു വെച്ചിട്ടുണ്ടെന്നും മരണാനന്തരം അതു സംഭവിക്കുക തന്നെ ചെയ്യുമെന്നുമാണിതുകൊണ്ട് സൂചിപ്പിക്കുന്നത്.

معقّبات നെ 'ഒന്നിനു പിറകെ ഒന്നായി പിന്തുടരുന്നവർ' എന്ന അർഥത്തിലും ചില പണ്ഡിതന്മാർ സ്വീകരിച്ചിട്ടുണ്ട്. അതായത്, ഒരു കൂട്ടം മലക്കുകൾ നിശ്ചിത സമയം നിരീക്ഷിച്ച

ശേഷം വിടവാങ്ങുകയും മറ്റൊരു കൂട്ടം നിരീക്ഷകർ ആഗതരാവുകയും ചെയ്യുന്നു. നിവേദനങ്ങളെ ആധാരമാക്കി അതിങ്ങനെ വിശദീകരിക്കപ്പെടുന്നു: ഈ മലക്കുകൾ പല ചുമതലക്കാരാണ്. രണ്ടു മലക്കുകൾ രാപ്പകൽ മനുഷ്യരെ വിപത്തുകളിൽനിന്ന് സംരക്ഷിച്ചു കൊണ്ടിരിക്കുന്നു. ഒന്ന് മനുഷ്യന്റെ മുന്നിലും മറ്റൊന്ന് പിന്നിലും കാവലാളായി നിലകൊള്ളുന്നു. രണ്ടു മലക്കുകൾ ഇടത്തും വലത്തുമിരുന്നു അവന്റെ നന്മകളും തിന്മകളും രേഖപ്പെടുത്തുന്നു. ഇങ്ങനെ മൊത്തം എട്ടു മലക്കുകൾ രാവും പകലുമായി മനുഷ്യനോടൊപ്പമുണ്ടായിരിക്കും. ഇമാം ബുഖാരിയുടെ  ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: “ഒരു സംഘത്തിനു പിറകെ മറ്റൊരു സംഘമായി രാവും പകലും നിങ്ങളിൽ മലക്കുകൾ വന്നുകൊണ്ടിരിക്കും. സുബ്ഹ് നമസ്കാരത്തിലും അസ്വർ നമസ്കാരത്തിലും അവർ സംഗമിക്കുന്നു. രാവിൽ നിങ്ങളോടൊപ്പമുണ്ടായിരുന്നവർ അപ്പോൾ മേലോട്ടു കയറിപ്പോകും. നിങ്ങളെക്കുറിച്ചു നല്ലവണ്ണം അറിഞ്ഞുകൊണ്ടു തന്നെ അല്ലാഹു അവരോടു ചോദിക്കും: നിങ്ങൾ ഏതവസ്ഥയിലാണ് എന്റെ ദാസന്മാരോട് വിടവാങ്ങിയത് ? അവർ പറയും: ഞങ്ങൾ ചെല്ലുമ്പോൾ അവർ നമസ്കരിക്കുകയായിരുന്നു. വിടകൊള്ളുമ്പോഴും അവർ നമസ്കരിക്കുകയായിരുന്നു.” മറ്റൊരു നിവേദനത്തിൽ ഇങ്ങനെയുമുണ്ട്: “വെളിക്കിരിക്കുകയും ലൈംഗികബന്ധത്തിലേർപ്പെടുകയും ചെയ്യുകയല്ലാത്ത എല്ലാ സമയത്തും നിങ്ങളോടൊപ്പം വിട്ടുപിരിയാതെ മലക്കുകളുണ്ടായിരിക്കും.”

സംരക്ഷിക്കുക, മേൽനോട്ടം ചെയ്യുക, നിരീക്ഷിക്കുക എന്നീ അർഥങ്ങളുള്ള حفظ ൽ നിന്നുള്ള ക്രിയയാണ് يَحْفَظُونَهُ. പ്രകൃത സൂക്തത്തിൽ ഈ വാക്ക്കൊണ്ട് ഈ അർഥങ്ങളെല്ലാം ഉദ്ദേശിച്ചിരിക്കുന്നുവെന്ന അടിസ്ഥാനത്തിലാണ് മേൽ പറഞ്ഞ വ്യാഖ്യാനം. ഹദീസ് അതിനെ ബലപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ആജ്ഞയിൽനിന്ന് എന്നാണ് مِنْ أَمْرِ اللَّهِയുടെ ഭാഷാർഥം. അല്ലാഹുവിന്റെ കൽപന പ്രകാരം بأمرالله എന്ന അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. കാരണം അല്ലാഹുവിന്റെ കൽപനയിൽനിന്ന് മനുഷ്യരെ രക്ഷിക്കാൻ യാതൊരു ശക്തിക്കും സാധ്യമല്ല.

അല്ലാഹു മനുഷ്യനെ പ്രതിനിധിയായി അയക്കുന്നതിനു മുമ്പ് അവനിലർപ്പിതമാകുന്ന പ്രാതിനിധ്യത്തിന്റെ ഉത്തരവാദിത്വങ്ങൾ നിവർത്തിക്കാനാവശ്യമായ ഉപാധികളെല്ലാം ഭൂമിയിൽ സജ്ജീകരിച്ചു വെച്ചിരുന്നു. സൂര്യ ചന്ദ്രന്മാരെ മനുഷ്യ ജീവിതത്തിനുതകും മട്ടിൽ സംവിധാനിച്ചതും കാർഷിക വിളവുകളുളവാക്കിയതും രാപ്പകൽ വ്യത്യാസമുണ്ടാക്കിയതുമെല്ലാം അതിന്റെ ഭാഗമാണ്. ഇതെല്ലാം മനുഷ്യന്റെ ആഗമനത്തിനു മുമ്പ് തന്നെ സജ്ജീകരിച്ചതാണ്. ഭൂമിയിൽ പാർപ്പിക്കപ്പെട്ട ശേഷവും അല്ലാഹുവിന്റെ സമ്പൂർണ സംരക്ഷണത്തിൽ തന്നെയാണ് മനുഷ്യൻ വാഴുന്നത്. സ്വയം പ്രതിരോധിക്കാനാവാത്ത എത്രയോ വിപത്തുകളിൽനിന്ന് അവൻ ദിനംപ്രതി രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. അല്ലാഹു നിയോഗിച്ച മലക്കുകളാണവനെ രക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം രക്ഷപ്പെടലുകളെ അത്ഭുതകരമായ രക്ഷപ്പെടൽ അല്ലെങ്കിൽ യാദൃശ്ചികമായ രക്ഷപ്പെടൽ ആയേ നമ്മൾ കണക്കാക്കാറുള്ളൂ. ചിലപ്പോൾ ഉയരമേറിയ കെട്ടിടത്തിനു മുകളിൽനിന്ന് താഴേക്കു വീഴുന്ന കുട്ടി ഒരു പരിക്കുമില്ലാതെ രക്ഷപ്പെടുന്നു. തകർന്ന കെട്ടിടങ്ങൾക്കുള്ളിൽപ്പെട്ട് ചിലർ എട്ടും പത്തും നാൾ ഭക്ഷണവും വെള്ളവുമില്ലാതെ ജീവിക്കുന്നു. ഖനികൾക്കകത്തു കുടുങ്ങിപ്പോയവർ അതിൽ മാസങ്ങളോളം സുരക്ഷിതരായിരിക്കുന്നു. കത്തിവീണ വിമാനത്തിൽനിന്നു പോലും ചിലർ ഒരു പോറലുമേൽക്കാതെ രക്ഷപ്പെടുന്നു. ഇതൊരുവക. മറ്റൊരു വകയിങ്ങനെ: ആപൽഗർത്തത്തിലേക്ക് നടന്നടുക്കുന്ന മനുഷ്യൻ, ആരോ കൽപിച്ചിട്ടെന്നപോലെ വഴി മാറി നടക്കുകയും രക്ഷപ്പെടുകയും ചെയ്യുന്നു. ഒരു കുട്ടിയുടെ അനുഭവം ഓർക്കുന്നു: അവൻ 400 മീറ്ററോളം അകലെയുള്ള ഒരു ലക്ഷ്യത്തിലേക്ക് കണ്ണടച്ച് പിടിച്ച് നടക്കാൻ തീരുമാനിച്ചു. ഒരു നൂറുമീറ്റർ നടന്നപ്പോൾ ഉള്ളിൽനിന്ന് ആരോ അവനോട് കണ്ണുതുറക്കാൻ കൽപിക്കുന്നതുപോലെ തോന്നി. കണ്ണുതുറന്നപ്പോൾ മുന്നിൽ ഒരു വിഷസർപ്പം. ഒരു ചുവടുകൂടി വെച്ചിരുന്നുവെങ്കിൽ അതവനെ ദംശിക്കുമായിരുന്നു. ഇത്തരം അനുഭവങ്ങൾ ധാരാളം ഉണ്ടാകാറുണ്ട്. പ്രത്യക്ഷത്തിൽ യാദൃശ്ചികമെന്ന് തോന്നുമെങ്കിലും ഇതൊക്കെ അല്ലാഹുവിന്റെ -അവൻ നിയോഗിച്ച മലക്കുകളുടെ- സംരക്ഷണമാണ്.

ഇവിടെ ഒരു ചോദ്യമുയരാം. ധാരാളം ആളുകൾ നിത്യേന അപകടങ്ങൾക്കും അപമൃത്യുവിനും ഇരയാകുന്നുണ്ടല്ലോ. മനുഷ്യർക്ക് മലക്കുകളുടെ സംരക്ഷണമുണ്ടെങ്കിൽ അത് പലപ്പോഴും പരാജയപ്പെടുന്നുവെന്ന് അല്ലെങ്കിൽ അങ്ങനെയൊരു സംരക്ഷണമേയില്ലെന്നല്ലേ അതിനർഥം? അല്ലാഹു ഓരോ മനുഷ്യന്റെയും ജീവിതത്തിൽ നിരവധി സൗഭാഗ്യങ്ങളും ദൗർഭാഗ്യങ്ങളും വിധിക്കുന്നുണ്ട്. ഓരോരുത്തരും എവിടെ എങ്ങനെ ജനിക്കണമെന്നും എവിടെ എങ്ങനെ മരിക്കണമെന്നും അവൻ തീരുമാനിച്ചുവെച്ചിരിക്കുന്നു. ആ തീരുമാനങ്ങളെല്ലാം നടപ്പിലാവുക തന്നെ ചെയ്യും. അവൻ നിശ്ചയിച്ചിട്ടുള്ളതല്ലാത്ത ആപത്തുകളിൽനിന്ന് അവനെ രക്ഷിക്കുകയാണ് മലക്കുകളുടെ ചുമതല. ആ സംരക്ഷണവും അല്ലാഹുവിന്റെ വിധിയാണ്. മലക്കുകളുടെ ഈ സംരക്ഷണമില്ലെങ്കിൽ ഒരാൾക്കും പത്തുവയസ്സുവരെപ്പോലും സുരക്ഷിതമായി ജീവിക്കാനൊക്കുകയില്ല. അത്രയേറെ ആപത്തുകളാണ് മനുഷ്യനുചുറ്റും പരന്നു കിടക്കുന്നത്. ജീവന്റെ നിലനിൽപിനനിവാര്യമായ ചൂടും തണുപ്പും കാറ്റും മഴയും മണ്ണും മരവുമെല്ലാം ഏതു നിമിഷത്തിലും ജീവന്റെ അന്തകശക്തികളായിത്തീരാം. ബന്ധപ്പെട്ടവരുടെ അൽപനേരത്തെ അശ്രദ്ധയോ അനാസ്ഥയോ മതി, ഒരു പൈതലിന്റെ ജീവിതം ഇല്ലാതാവാൻ. എന്നിട്ടും മനുഷ്യൻ എൺപതും നൂറും വയസ്സുവരെ ജീവിക്കുന്നു. മലക്കുകളുടെ ഈ സംരക്ഷണം വിശ്വാസികൾക്കോ സജ്ജനങ്ങൾക്കോ മാത്രം ഉള്ളതല്ല; മനുഷ്യനായി പിറക്കുന്ന എല്ലാവർക്കുമുള്ളതാണ്. മനുഷ്യനെ ഈ ഭൂമിയിൽ സൃഷ്ടിച്ച ശേഷം ഇനി അവനായി, അവന്റെ പാടായി എന്ന മട്ടിൽ ഉപേക്ഷിച്ചിരിക്കുകയല്ല അല്ലാഹു. അവനെ താനുദ്ദേശിച്ചിട്ടില്ലാത്ത ആപത്തുകളിൽനിന്നെല്ലാം രക്ഷിച്ചു പരിപാലിച്ചുകൊണ്ടും അവന്റെ ജീവിതത്തെ നിതാന്തമായി നിരീക്ഷിച്ചുകൊണ്ടുമിരിക്കുകയാണവൻ.

മലക്കുകൾ കർമങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുവെന്ന് ഓർമിപ്പിക്കുന്നത്, മനുഷ്യൻ കർമങ്ങളിലേർപ്പെടുമ്പോൾ അതിന്റെ ഭൗതികമായ ഗുണദോഷങ്ങൾ പരിഗണിക്കുന്നതുപോലെ പാരത്രികമായ- ധാർമികമായ ഗുണദോഷങ്ങൾ കൂടി പരിഗണിക്കുന്നതിനും ഗുണകരമായ കർമങ്ങൾ മാത്രം തെരഞ്ഞെടുക്കുന്നതിനും ദോഷകരമായവ തിരസ്കരിക്കുന്നതിനുമാണ്. വലതുവശത്തെ മലക്ക് നന്മകളും ഇടതുവശത്തെ മലക്ക് തിന്മകളും അവരവരുടെ പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്നുവെന്നാണ് നിവേദനങ്ങൾ സൂചിപ്പിക്കുന്നത്. ഈ പുസ്തകങ്ങൾ വിചാരണാ വേളയിൽ ത്രാസിന്റെ രണ്ടു തട്ടുകളിൽവെച്ച് തൂക്കപ്പെടുന്നു. രക്ഷാശിക്ഷകൾ വിധിക്കുന്നതിനുള്ള ന്യായം പൂർത്തിയാക്കൽ എന്നതാണ് കർമങ്ങൾ രേഖപ്പെടുത്തി വെക്കുന്നതിന്റെ മറ്റൊരു താൽപര്യം. സൃഷ്ടികളുടെ വാക്കും പ്രവൃ

ത്തിയും മാത്രമല്ല, മനസ്സിലുള്ള വിചാര വികാരങ്ങൾ പോലും അല്ലാഹു നേരിട്ടറിയുന്നുണ്ട്. വിസ്മൃതിയോ അശ്രദ്ധയോ ഒരിക്കലും അവനെ ബാധിക്കുന്നില്ല. മലക്കുകൾ എഴുതിവെച്ചില്ലെങ്കിലും അവരുടെ ഒരു കാര്യവും അവന്റെ ജ്ഞാനത്തിനപ്പുറമാകുന്നില്ല. ആ ജ്ഞാനത്തെ മാത്രം ആധാരമാക്കി അവന്ന് രക്ഷാശിക്ഷകൾ വിധിക്കാവുന്നതാണ്. പക്ഷേ, രക്ഷിക്കപ്പെടുന്നവർ രക്ഷക്കും ശിക്ഷിക്കപ്പെടുന്നവർ ശിക്ഷക്കും അർഹരാണെന്ന് സ്വയം ബോധ്യപ്പെട്ടിരിക്കണമെന്നാണവന്റെ നിശ്ചയം. അതിനുവേണ്ടി മനുഷ്യന്റെ എല്ലാ കർമങ്ങളും മലക്കുകളിലൂടെ റിക്കാർഡാക്കുകയാണ്. അന്ത്യനാളിൽ ഓരോ വ്യക്തിക്കും അവന്റെ കർമപുസ്തകം ലഭിക്കുന്നു. അതു ഒരു സ്ക്രീനിലെന്ന പോലെ തന്റെ ജീവിതം മുഴുവൻ അവന്റെ മുമ്പിൽ പ്രദർശിപ്പിക്കുന്നു. ജീവിതത്തിലെ ഒരു ചലനവും അതിൽ നിന്നൊഴിഞ്ഞു പോവുകയില്ല. തന്റെ ജീവിതത്തിലില്ലാത്തത് അണുമണിത്തൂക്കവും അതിൽ കടന്നു കൂടുകയുമില്ല. ഖുർആൻ അതിങ്ങനെ വ്യക്തമാക്കിയിരിക്കുന്നു.

وَكُلَّ إِنسَـٰنٍ أَلْزَمْنَـٰهُ طَـٰٓئِرَهُۥ فِى عُنُقِهِۦ ۖ وَنُخْرِجُ لَهُۥ يَوْمَ ٱلْقِيَـٰمَةِ

كِتَـٰبًا يَلْقَىٰهُ مَنشُورًا ﴿١٣﴾ ٱقْرَأْ كِتَـٰبَكَ كَفَىٰ بِنَفْسِكَ ٱلْيَوْمَ عَلَيْكَ حَسِيبًا

(ഓരോ മനുഷ്യന്റെയും ഭാഗധേയം നാം അവന്റെ കഴുത്തിൽ ബന്ധിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേൽപുനാളിൽ നാം അവന്റെ ജീവിതരേഖ പുറത്തെടുക്കുന്നു. അപ്പോൾ ഒരു തുറന്ന പുസ്തകമായി അവനതു ദർശിക്കുന്നു- വായിച്ചുകൊള്ളുക, നിന്റെ കർമ പുസ്തകം. ഇനി നിന്റെ കണക്ക് നോക്കാൻ നീ തന്നെ മതി -17:13-14).

وَوُضِعَ ٱلْكِتَـٰبُ فَتَرَى ٱلْمُجْرِمِينَ مُشْفِقِينَ مِمَّا فِيهِ وَيَقُولُونَ يَـٰوَيْلَتَنَا

مَالِ هَـٰذَا ٱلْكِتَـٰبِ لَا يُغَادِرُ صَغِيرَةً وَلَا كَبِيرَةً إِلَّآ أَحْصَىٰهَا ۚ وَوَجَدُوا۟ مَا

عَمِلُوا۟ حَاضِرًا ۗ وَلَا يَظْلِمُ رَبُّكَ أَحَدًا ﴿٤٩﴾

(കർമപുസ്തകം മുന്നിൽ വെക്കപ്പെടുമ്പോൾ പാപികൾ അതിന്റെ ഉള്ളടക്കത്തിൽ പരിഭ്രാന്തരായിത്തീരുന്നതു നിനക്കു കാണാം. അവർ വിലപിച്ചുകൊണ്ടിരിക്കും: ഹാ! ഞങ്ങളുടെ ദൗർഭാഗ്യം!! എന്തൊരു പുസ്തകമാണിത്! ഞങ്ങളുടെ ചെറുതും വലുതുമായ യാതൊരു ചലനത്തെയും അതു കൃത്യമായി രേഖപ്പെടുത്താതെ വിട്ടിട്ടില്ലല്ലോ. തങ്ങൾ പ്രവർത്തിച്ചിട്ടുള്ളതൊക്കെയും മുന്നിൽ നിരന്നതായി അവർ കാണുന്നു; നിന്റെ വിധാതാവ് ആരോടും അൽപവും അനീതി ചെയ്യുന്നില്ല -18:49)

إِنَّ ٱللَّهَ لَا يُغَيِّرُ........ എന്ന വാക്യത്തിന് അവതരണ പശ്ചാത്തലം പ്രസരിപ്പിക്കുന്ന ഒരാശയവും പൊതുവായ ഒരാശയവുമുണ്ട്. സത്യനിഷേധികൾ താക്കീതു ചെയ്യപ്പെടുന്ന സർവനാശം ഉടനെ വരുത്തി കാണിച്ചുകൊടുക്കണമെന്നും മറ്റു ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തണമെന്നുമൊക്കെ പ്രവാചകനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതാണ് പശ്ചാത്തലം. അവരോട് നാശമിറങ്ങുന്നതു സംബന്ധിച്ചുള്ള അല്ലാഹുവിന്റെ നടപടിക്രമം -സുന്നത്ത്- വിശദീകരിക്കുകയാണ്: അല്ലാഹു ഓരോ സമൂഹത്തോടും ഒരു സമീപനം സ്വീകരിച്ചിട്ടുണ്ട്. ആ സമൂഹം അവരുടെ അവസ്ഥ സ്വയം മാറ്റുന്നതുവരെ അവനാ സമീപനം മാറ്റുകയില്ല. അതുകൊണ്ട് ശിക്ഷാ രൂപത്തിലുള്ള ദൃഷ്ടാന്തമാവശ്യപ്പെടുന്നതിനുപകരം ഈ ദൈവിക നടപടിക്രമത്തിന്റെ വെളിച്ചത്തിൽ സ്വന്തം നിലപാട് പുനഃപരിശോധിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. സ്വന്തം നിലപാട് മാറ്റുകയാണെങ്കിൽ അല്ലാഹുവിന് അവന്റെ സമീപനവും കൂടുതൽ സൃഷ്ടിപരമോ സംഹാരാത്മകമോ ആക്കി മാറ്റാൻ അധികനേരമൊന്നും വേണ്ട. അവൻ ഒരു ജനതയെ ശിക്ഷിക്കാൻ തീരുമാനിച്ചു കഴിഞ്ഞാൽ പിന്നെ ആ വിധി ദുർബലപ്പെടുത്താനോ നടപ്പിലാകുന്നത് തടയാനോ ആരാലും സാധ്യമല്ലെന്നും ഓർത്തുകൊള്ളുക. രക്ഷാകവചമായി നിങ്ങൾ കരുതുന്ന കോട്ടകൊത്തളങ്ങളും നിങ്ങളുടെ രക്ഷകരും സഹായികളുമായി വിശ്വസിച്ച് ആരാധിക്കുന്ന വിഗ്രഹങ്ങളുമെല്ലാം നിങ്ങളോടൊപ്പം തകർക്കപ്പെടുന്നതായിരിക്കും.

പൊതുവായ അർഥത്തിലെടുക്കുമ്പോൾ സമൂഹങ്ങളുടെ ഉത്ഥാന പതനങ്ങൾക്കുള്ള അടിസ്ഥാന തത്ത്വമാണിത്. ഓരോ സമൂഹത്തെയും സൗഭാഗ്യത്തിലേക്കുയർത്തുന്നതും ദുരിതത്തിലേക്ക് താഴ്ത്തുന്നതും ആ സമൂഹം തന്നെയാണ്. ജനതകളുടെ ചരിത്രം നിർമിക്കുന്നത് ആ ജനതക്ക് പുറത്തുള്ള ശക്തികളല്ല; അവരുടെ ഉള്ളിലുള്ള ശക്തിദൗർബല്യങ്ങളാണ്. مَا بِقَوْمٍ എന്നതിന് 'സമുദായത്തെ കൊണ്ടുള്ള യാതൊന്ന്' എന്നും مَا بِأَنفُسِهِمْ എന്നതിന് 'അവരുടെ മനസ്സ്- ആത്മാവ് കൊണ്ടുള്ള യാതൊന്ന്' എന്നുമാണ് ഭാഷാർഥം. ആത്മസത്ത, സ്വത്വം, സ്വഭാവം, അവസ്ഥ, നിലപാട് എന്നൊക്കെ അതിനെ വ്യവഹരിക്കാം. ഇവിടെ مَا بِقَوْمٍ ജനതയുടെ അവസ്ഥ(സ്ഥിതി)യും مَا بِأَنفُسِهِمْ അവരുടെ സ്വത്വ(ആത്മസത്ത)വും ആവാം. രണ്ടിടത്തും ഒരേ അർഥവുമാകാം. സാരാംശത്തിൽ രണ്ടർഥവും ഒന്നുതന്നെയാകുന്നു. സ്വത്വം എന്ന അർഥത്തിലെടുക്കുമ്പോൾ ദേശീയമോ വംശീയമോ ഭാഷാപരമോ ആയ സ്വത്വമല്ല വിവക്ഷിക്കപ്പെടുന്നത്. ആത്മീയ ധാർമിക മൂല്യങ്ങളെ- ദൈവം, സത്യം, നീതി, ധർമം തുടങ്ങിയ മൂല്യങ്ങളെക്കുറിച്ചുള്ള ആന്തരിക ബോധവും ജീവിതത്തോടുള്ള പ്രായോഗിക സമീപനവുമാണ്. ഈ മൂല്യങ്ങളിലുള്ള വിശ്വാസത്തിന്റെ ദാർഢ്യത്തെയും പ്രായോഗിക ജീവിതത്തിൽ അതു ചെലുത്തുന്ന സ്വാധീനത്തെയും ആശ്രയിച്ചിരിക്കുന്നു ജനതയുടെ ശക്തിയും ക്ഷേമവും. സത്യവും ധർമവുമെന്ന് തെറ്റിദ്ധരിച്ച് അസത്യവും അധർമവും ആചരിക്കുന്നവർ എപ്പോഴും ആപത്തിന്റെയും അധഃപതനത്തിന്റെയും വക്കിലായിരിക്കും. സത്യത്തിന്റെയും നീതിയുടെയും വക്താക്കളായി ചമയുകയും യഥാർഥത്തിൽ അതു മനസ്സിൽ തട്ടിവിശ്വസിക്കുകയോ ആചരിക്കുകയോ ചെയ്യാതിരിക്കുകയും ചെയ്യുന്നവരുടെയും അവസ്ഥ മറ്റൊന്നല്ല. കർമകുശലതയും യുക്തിപൂർണമായ ആസൂത്രണവും സമീപനങ്ങളിലെ ധാർമികതയും ശരിയായ മൂല്യബോധത്തിന്റെ ഫലങ്ങളാണ്. അത്തരം സമൂഹങ്ങളുടെ ഗതി എന്നും മുന്നോട്ടായിരിക്കും. ജീവിതത്തിന്റെ വിശിഷ്ട മൂല്യങ്ങളെ തൃണവൽഗണിച്ച് അന്ധവിശ്വാസങ്ങളിലും അധാർമികതയിലും ആറാടുന്നവരുടെ ഗതി നേരെ മറിച്ചും. ഓരോ വ്യക്തിയുടെയും ഭാഗധേയം അവന്റെ ചുമലിൽ തന്നെ വഹിപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന് 17:13ൽ പറയുന്നുണ്ടല്ലോ. ഭൗതിക ലോകത്ത് ഓരോ സമൂഹത്തിന്റെയും ഭാഗധേയം ആ സമൂഹത്തിന്റെ ചുമലിൽ തന്നെയാണെന്ന ആശയമാണ് ഈ വചനം അവതരിപ്പിക്കുന്നത്. സാമൂഹികമായ ഉത്ഥാന പതനങ്ങളുടെ അടിസ്ഥാന തത്ത്വം എന്ന നിലയിൽ ഈ വചനം ഇന്ത്യൻ പാർലമെന്റിന്റെ ഗോപുരത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടതായി കേട്ടിരിക്കുന്നു. അല്ലാഹു ആരുടെ തലയിലും പുരോഗതിയും പ്രതാപവും കൊണ്ടുവന്നു ചൊരിയുകയില്ല. പുരോഗതിയും പ്രതാപവും കാംക്ഷിക്കുകയും അതിന്റെ ശരിയായ മാർഗത്തിൽ ചരിക്കാൻ സന്നദ്ധരാവുകയും ചെയ്യുന്നവർക്ക് ആ മാർഗം എളുപ്പമാക്കി കൊടുക്കുകയും വെളിച്ചം കാട്ടുകയുമാണവൻ ചെയ്യുക. നേരെ വിപരീതമായ മാർഗം സ്വീകരിക്കുന്നവരോടുള്ള അവന്റെ സമീപനവും അതു

തന്നെയായിരിക്കും. വ്യക്തികളുടെ കാര്യത്തിലും അതേ നിലപാടാണവർ സ്വീകരിക്കുന്നത്.

فَأَمَّا مَنْ أَعْطَىٰ وَاتَّقَىٰ ﴿٥﴾ وَصَدَّقَ بِالْحُسْنَىٰ ﴿٦﴾ فَسَنُيَسِّرُهُ لِلْيُسْرَىٰ ﴿٧﴾ وَأَمَّا مَنْ بَخِلَ وَاسْتَغْنَىٰ ﴿٨﴾ وَكَذَّبَ بِالْحُسْنَىٰ ﴿٩﴾ فَسَنُيَسِّرُهُ لِلْعُسْرَىٰ ﴿١٠﴾

(ദാനം ചെയ്യുകയും അധർമം വെടിയുകയും ഉത്തമ മൂല്യങ്ങളെ സത്യപ്പെടുത്തുകയും ചെയ്യുന്നവന് നാം ക്ഷേമത്തിലേക്കുള്ള വഴിയൊരുക്കിക്കൊടുക്കുന്നു. ലുബ്ധനായി ദൈവത്തിന്റെ ആശ്രയം വേണ്ടെന്നു നടിക്കുകയും ഉത്തമ മൂല്യങ്ങളെ തള്ളിപ്പറയുകയും ചെയ്യുന്നവന് ക്ലേശത്തിലേക്കുള്ള വഴിയൊരുക്കിക്കൊടുക്കുന്നു - 92:5-10).

وَالَّذِينَ كَذَّبُوا بِآيَاتِنَا سَنَسْتَدْرِجُهُمْ مِنْ حَيْثُ لَا يَعْلَمُونَ ﴿١٨٢﴾

(നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറയുന്നവരെ നാം അവരറിയാത്തവണ്ണം നാശത്തിലേക്കു നയിക്കുന്നു - 7:182).

സമൂഹത്തിന്റെ ജയാപചയങ്ങളെക്കുറിച്ചാണ് പ്രകൃതവചനം സംസാരിക്കുന്നത്. വ്യക്തികൾ ചിലപ്പോൾ നല്ലവരായാലും മറ്റുള്ളവരുടെ ദുഷ്ടതകൾ മൂലം ഈ ലോകത്ത് ദുരിതമനുഭവിക്കേണ്ടി വന്നേക്കാം. പ്രവാചകവര്യന്മാരടക്കമുള്ള നിരവധി സജ്ജനങ്ങൾ ദാരുണമായ യാതനകൾക്കും വേദനകൾക്കും ഇരയായിക്കൊണ്ടിരുന്നതങ്ങനെയാണ്. 'ഞങ്ങൾക്കിടയിൽ സജ്ജനങ്ങളുണ്ടായിരിക്കെ ഞങ്ങൾ ശിക്ഷിക്കപ്പെടുമോ' എന്ന് ശിഷ്യന്മാർ ചോദിച്ചപ്പോൾ പ്രവാചകൻ(സ) മറുപടി പറഞ്ഞതായി ബുഖാരി ഉദ്ധരിക്കുന്നു: نعم إذا كثر الخبث (അതെ, നശിപ്പിക്കപ്പെടും. സമൂഹത്തിൽ കൊടിയ അധർമങ്ങൾ പെരുകിയാൽ) ഇതെക്കുറിച്ച് സൂറ *അൽഅൻഫാൽ* 25-ാം സൂക്തത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നുണ്ട്:

وَاتَّقُوا فِتْنَةً لَا تُصِيبَنَّ الَّذِينَ ظَلَمُوا مِنْكُمْ خَاصَّةً

(നിങ്ങളിൽ അക്രമം ചെയ്തവരെ മാത്രമായിട്ടല്ലാതെ പൊതുവായി ബാധിക്കുന്ന കുഴപ്പങ്ങളെ സൂക്ഷിച്ചുകൊള്ളുവിൻ). ■

## ഭൂഘടനയെക്കുറിച്ച്

**'ടെക്ടോണിക്** പ്ലേറ്റ് സിദ്ധാന്തം' എന്ന ഒന്നുണ്ട് ഭൂഘടനയെക്കുറിച്ച്. പർവതങ്ങളുടെ ഉത്ഭവ രൂപീകരണം, അഗ്നി പർവതങ്ങൾ, ഭൂകമ്പങ്ങൾ തുടങ്ങിയവയുടെ വിശദീകരണങ്ങൾ നൽകുന്ന ഈ സിദ്ധാന്തത്തിന്റെ വൈശദ്യങ്ങൾ വിവരിക്കുന്നത് ഇവിടെ സംഗതമല്ല. ഏഴോ എട്ടോ പ്രധാനപ്പെട്ട 'ഭൂഖണ്ഡ ഫലകങ്ങളും' മറ്റു നിരവധി ചെറുതായ 'പലക'കളും തൊട്ടു തൊട്ടും കീഴ്മേൽ ഉരസിയും കിടക്കുകയാണ് ഭൂമിയുടെ ഖണ്ഡങ്ങൾ. സമുദ്രാഴത്തിലെ കനം കുറഞ്ഞ, പരസ്പരം അകലുന്ന ഖണ്ഡങ്ങളും, പർവതങ്ങൾ രൂപപ്പെടുന്ന 'ഭൂഖണ്ഡങ്ങൾക്കിടയിലെ സാന്ദ്രമായ' പലകകളും തുടങ്ങി പലതും മുന്നോട്ട് വെക്കുന്ന ഈ സിദ്ധാന്തത്തെക്കുറിച്ച വായനയിലെല്ലാം ഓർമ വരാറുള്ള ഒരു ഖുർആൻ ശകലമാണ് സൂറഃ *അർറഅ്ദി*ലെ നാലാം സൂക്തത്തിലെ 'ഭൂമിയിൽ പരസ്പരം ചേർന്ന് സ്ഥിതി ചെയ്യുന്ന വൈവിധ്യമാർന്ന ഖണ്ഡങ്ങളുണ്ട്' എന്ന വാക്യം. പശ്ചാത്തലത്തിൽ നിന്ന് എ.വൈ.ആറിന്റെ വിശദീകരണത്തിന് കൂടുതൽ സാധുതയുണ്ടെങ്കിലും, ചില ഖുർആൻ സൂക്തങ്ങൾ വ്യക്തിഗത മനസ്സിനോട് സ്വകാര്യ സംവാദം നടത്തുന്ന ഇതര അർഥങ്ങളിലൊന്നായി ഇതും ആലോചിച്ചുവെന്നേയുള്ളൂ.

**ഡോ. കെ. അഹ്മദ് അൻവർ**